# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2362 — 18.06.2014 ൽ മറുപടിക്ക്

## ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രി യിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്ന തുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാ ക്കാമോ ; | (എ) | ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 35.51 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപകരണങ്ങളും മറ്റും വാങ്ങുന്നതി നായി ഈ തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വൈകാതെ തന്നെ ആശുപത്രിക്ക് ലഭ്യമാക്കുന്നതാണ്. |
| (ബി) | ആറ്റിങ്ങൽ മേഖലയിൽ വർദ്ധിച്ച് വരുന്ന വാഹനാപകടങ്ങൾ പരിഗ ണിച്ച് വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടോ ? | (ബി) | ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് മുൻഗണന നൽകി ഇതിനോടകം തന്നെ നടപടിക്രമങ്ങൾ സ്വീകരിച്ച് പോരുന്നുണ്ട്. പുതിയ കെട്ടിട നിർമ്മാണ ത്തിനും ട്രോമാകെയർ സംവിധാനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ 2 (രണ്ട്) തസ്തികകളും സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ 6 (ആറ്) തസ്തികകളും സഹിതം 26 (ഇരുപത്തിയാറ്) തസ്തികകൾ സർക്കാർ ഉത്തരവ് നം.405/2013/ആ.കു.വ തീയതി 04.10.2013 പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ട്രോമാകെയർ വിഭാഗത്തിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി ഈ ആശുപത്രിയിലെ കാഷ്വാലിറ്റി വിഭാഗ ത്തിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ